# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഏപ്രിൽ 02 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## പാർട്ട് - 1

## കോവിഡ് 19 : ജീവൻരക്ഷാ മരുന്നുകൾ എത്തിച്ച് പൊലീസ്

കോവിഡ് 19 വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ഗുരുതര രോഗം ബാധിച്ചവർക്ക് ആവശ്യമായ ജീവൻ രക്ഷാമരുന്നുകൾ എത്തിച്ചുകൊടുക്കുന്നതിന് വിപുലമായ സംവിധാനം ഏർപ്പെടുത്തി കേരള പോലീസ്. ഹൈവേ പട്രോൾ വാഹനങ്ങളുൾപ്പെടെ പ്രത്യേക വാഹന സൗകര്യം ഇതിനായി ഉപയോഗിക്കും. ഈ സംവിധാനം പ്രയോജനപ്പെടുത്താൻ പൊതുജനങ്ങൾക്ക് പൊലീസ് വകുപ്പിന്റെ 112 എന്ന കൺട്രോൾ റൂം നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. രോഗിയുടെ ആവശ്യം അറിഞ്ഞാൽ, രോഗിയുടെ പേരും മേൽവിലാസവും ഫോൺ നമ്പറും അതത് പോലീസ് സ്റ്റേഷന്റെ പേരും രേഖപ്പെടുത്തി ഭദ്രമായി പൊതിഞ്ഞ പായ്ക്കറ്റ് പോലീസ് ശേഖരിച്ച ശേഷം നോഡൽ ഓഫീസറെ വിവരം അറിയിക്കും. തുടർന്ന് നോഡൽ ഓഫീസർ നൽകുന്ന നിർദ്ദേശപ്രകാരം പ്രത്യേക വാഹനത്തിലോ ഹൈവേ പെട്രോൾ വാഹനങ്ങളിലോ മരുന്നുകൾ നിർദ്ദിഷ്ടസ്ഥലത്ത് എത്തിക്കും. ദക്ഷിണമേഖലാ ഐ.ജി ഹർഷിതാ അത്തല്ലൂരിയാണ് സംസ്ഥാനതല നോഡൽ ഓഫീസർ. തിരുവനന്തപുരം റൂറൽ പോലീസ് മേധാവിയും കൊച്ചി ഡെപ്യൂട്ടി പോലീസ് കമ്മീഷണറും മേൽനോട്ടം വഹിക്കും.

തിരുവനന്തപുരത്തെ മെഡിക്കൽ കോളേജ്, കൊച്ചിയിലെ സെൻട്രൽ പോലീസ് സ്റ്റേഷൻ എന്നിവ മരുന്നുകൾ ശേഖരിക്കാനുള്ള കേന്ദ്രങ്ങളായി പ്രവർത്തിക്കും. ഡോക്ടർമാർക്കും ആശുപത്രി അധികൃതർക്കും മരുന്ന് ആവശ്യപ്പെടുന്നവർക്കും ഈ കേന്ദ്രങ്ങളിൽ നിന്ന് മരുന്ന് എത്തിക്കാവുന്നതാണ്. ജില്ലയ്ക്ക് അകത്താണ് മരുന്നുകൾ എത്തിക്കേണ്ടതെങ്കിൽ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ അവ ശേഖരിച്ച് ജനമൈത്രി പോലീസ് വഴി നൽകും. മരുന്നുകൾ മാറിപ്പോകാതിരിക്കാൻ കൃത്യമായ മേൽവിലാസത്തിൽത്തന്നെ എത്തിച്ചുനൽകണമെന്നും അതീവശ്രദ്ധ പുലർത്തണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചിട്ടുണ്ട്.

## കുന്നംകുളത്ത് രാത്രി എത്തുന്നവർക്കും ഭക്ഷണം

ലോക്ക് ഡൗണിനെ തുടർന്ന് രാത്രി കാലങ്ങളിൽ ചരക്ക് വാഹനങ്ങളുൾപ്പെടെയുള്ളവയിൽ യാത്ര ചെയ്യുന്നവർക്കായി കുന്നംകുളം നഗരസഭ ആരോഗ്യ വിഭാഗം ഭക്ഷണം വിളമ്പി. ഇത് ഇനിയുള്ള ദിവസങ്ങളിലും തുടരും. യാത്രാമദ്ധ്യേ കുടിവെള്ളം പോലും ലഭിക്കാതെ വലഞ്ഞ യാത്രക്കാർക്ക് ഇത് വലിയ ആശ്വാസമാണ്. കുന്നംകുളത്ത് ഭക്ഷണം ലഭിക്കാത്തവർക്ക് ഭക്ഷണം പൊതികളായും, ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള കിറ്റുകളായും നൽകുന്നുണ്ട്. ഇതോടൊപ്പം

ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഗവ. ബോയ്സ് ഹൈസ്കൂളിൽ ക്യാമ്പ് ആരംഭിച്ചിട്ടുണ്ട്. കടത്തിണ്ണകളിൽ കിടക്കുന്നവർക്കും ക്യാമ്പ് പ്രവർത്തിയ്ക്കുന്നുണ്ട്. നഗരസഭാ പ്രദേശത്ത് ഭക്ഷണമില്ലാതെ യാതൊരാളും കഴിയരുതെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി കെ.കെ.മനോജിന്റെ നേതൃത്വത്തിൽ നഗരസഭയുടെ സുഭിക്ഷ കാന്റീൻ വഴിയാണ് ഭക്ഷണം നൽകി വരുന്നത്. കുന്നംകുളം നഗരസഭാ പ്രദേശത്ത് ലോക് ഡൗണിന്റെ പേരിൽ യാതൊരാളും വിശന്നിരിക്കാൻ ഇടവരില്ലെന്ന് ചെയർപേഴ്സൺ സീതരവീന്ദ്രൻ പറഞ്ഞു. ആരോഗ്യ വിഭാഗം ജീവനക്കാരായ എച്ച്.ഐ.സനൽകുമാർ, ജെഎച്ച്.ഐ.രാജീവൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു രാത്രി ഭക്ഷണ വിതരണം.

## കോവിഡ് 19: ട്രാൻസ്ജെൻഡേഴ്സിന് കിറ്റ് നൽകി

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി ജില്ലയിൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ജില്ലയിലെ 65ഓളം വരുന്ന ട്രാൻസ് ജൻഡേഴ്സിന് സാമൂഹ്യനീതി വകുപ്പ് ഒരുക്കിയ കിറ്റുകൾ ജില്ലാ കളക്ടർ എസ് ഷാനവാസ് വിതരണം ചെയ്തു. അരി, ധാന്യങ്ങൾ, വെളിച്ചെണ്ണ, പഞ്ചസാര തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ അടങ്ങിയ കിറ്റാണ് 65 ഓളം വരുന്ന ട്രാൻസ്ജെൻഡേഴ്സിന് വിതരണം ചെയ്തത്. ജില്ലയിൽ ഏതാണ്ട് 75 ഓളം ട്രാൻസ് ജെൻഡേഴ്സാണ് ഉള്ളത്. ഇതിൽ 65 പേർക്കാണ് കിറ്റുകൾ വിതരണം ചെയ്തത്. സാമൂഹിക നീതി വകുപ്പ് ജില്ലാ ഇൻചാർജ് ആർ രാഗപ്രിയ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## 692 അതിഥി തൊഴിലാളികൾക്ക് ഭക്ഷണ കിറ്റ് നൽകി പുന്നയൂർക്കുളം പഞ്ചായത്ത്

പുന്നയൂർക്കുളം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന 692 അതിഥി തൊഴിലാളികൾക്ക് പഞ്ചായത്ത് ഭക്ഷണ സാധനങ്ങളുടെ കിറ്റ് വിതരണം ചെയ്തു. മൂന്ന് പേർ മുതൽ 78 പേർ വരെ താമസിക്കുന്ന 55 സ്ഥലങ്ങളുണ്ട് പഞ്ചായത്തിൽ. ഇവർക്ക് ഒരാഴ്ച്ചയ്ക്കുള്ള ഭക്ഷണത്തിനാവശ്യമായ പലചരക്ക് സാധനങ്ങൾ താമസസ്ഥലങ്ങളിൽ എത്തിച്ചു നൽകി.

കൂടാതെ അതിഥി തൊഴിലാളികളിൽ ഒറ്റക്കായും രണ്ടു പേരുമായും താമസിക്കുന്നവർക്ക് ഭക്ഷണപൊതികളും എത്തിച്ചു നൽകുന്നു. അടുത്ത ഘട്ടം സാധനങ്ങളുടെ വിതരണം ഉടൻ ആരംഭിക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് എ. ഡി ധനീപ് പറഞ്ഞു. ആരും പട്ടിണിക്കിടക്കില്ല എന്ന സർക്കാർ വാഗ്ദാനം ഉറപ്പാക്കുന്നതിന് വേണ്ടിയാണ് ഇത്തരമൊരു പദ്ധതി. സർക്കാരിന്റെയും നാട്ടുകാരുടെയും പിന്തുണയോടെയാണ് വിശപ്പ് രഹിത പുന്നയൂർക്കുളം എന്ന പദ്ധതി ആവിഷ് ക്കരിച്ചിട്ടുള്ളത്.

## അതിഥി തൊഴിലാളികൾക്ക് ഭക്ഷണസാധനങ്ങൾ എത്തിച്ചുനൽകി

1003 അതിഥി തൊഴിലാളികൾക്ക് ഭക്ഷണ സാധാനങ്ങൾ എത്തിച്ചു നൽകി ചാഴൂർ ഗ്രാമപഞ്ചായത്ത്. 29 ക്യാമ്പുകളിലായാണ് അതിഥി തൊഴിലാളികൾ താമസിക്കുന്നത്. ഇവർക്ക് ഭക്ഷണം പാകം ചെയുന്നതിന് ആവശ്യമായ ഭക്ഷ്യസാധനങ്ങൾ അതത് ക്യാമ്പുകളിൽ പഞ്ചായത്ത് എത്തിച്ച് നൽകിയിട്ടുണ്ട്. ടാങ്കർ ലോറി വഴി ആവശ്യത്തിന് വെള്ളവും എത്തിക്കുന്നുണ്ട്.

## വീട്ടുമുറ്റത്തെ വിളവെടുപ്പ് സമൂഹ അടുക്കളയ്ക്ക്

വലപ്പാട് ഗ്രാമപഞ്ചായത്തിലെ വീടുകളിലെ കൃഷി വിളവെടുത്ത് പച്ചക്കറി സമൂഹ അടുക്കളയ്ക്ക് കൈമാറുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിലാണ് ഓരോ വാർഡുകളിൽ നിന്ന്

പച്ചക്കറി ശേഖരിക്കുന്നത്. വി ടി എം എച്ച് എസ് എസ് കഴിമ്പ്രം സ്കൂളിലെ 10 ചാക്ക് അരി സമൂഹ അടുക്കളയിലേക്ക് നൽകി.

## കമ്യൂണിറ്റി കിച്ചനിലേക്ക് ഹോർട്ടികോർപ്പിന്റെ വക പച്ചക്കറികൾ

കയ്പമംഗലം മണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സമൂഹ അടുക്കളയിലേക്ക് സർക്കാർ സംരംഭമായ ഹോർട്ടി കോർപ്പിൽ നിന്നും ആവശ്യമായ പച്ചക്കറികൾ ലഭ്യമാക്കി. വളണ്ടിയർമാരുടെ സഹായത്തോടെ മതിലകം ബ്ലോക്കിൽ എത്തിച്ച പച്ചക്കറികൾ എം എൽ എ ഇ ടി ടൈസൺ മാസ്റ്ററുടെ മേൽനോട്ടത്തിൽ മണ്ഡലത്തിലെ അതത് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് വീതിച്ചു നൽകി. തുടർന്നുള്ള ദിവസങ്ങളിലും പഞ്ചായത്തുകളിലെ സമൂഹ അടുക്കളയിലേക്ക് ആവശ്യമായ വിഭവങ്ങൾ സർക്കാർ സംവിധാനത്തിലൂടെ നൽകുവാൻ കഴിയുമെന്നും എം എൽ എ അറിയിച്ചു. മതിലകം ബ്ലോക്ക് പ്രസിഡന്റ് കെ കെ അബീദലി, ബി ഡി ഒ വിനീത സോമൻ, എ ഡി എ ജോതി പി ബിന്ദു തുടങ്ങിയവർ പങ്കെടുത്തു.

## ഗുരുവായൂരിൽ അഗതികൾക്ക് നാട്ടുകാരുടെ വക സമ്മാനങ്ങൾ

ഗുരുവായൂർ നഗരസഭ പ്രത്യേക ക്യാമ്പിലേയ്ക്ക് നാട്ടുകാരും വിവിധ സന്നദ്ധ സംഘടനകളും സമ്മാനങ്ങൾ നൽകി. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഗുരുവായൂരിൽ അഗതികൾക്കും അതിഥി തൊഴിലാളികൾക്കുമായി പ്രത്യേക ക്യാമ്പ് ആരംഭിച്ചത്. പച്ചക്കറി, പലചരക്ക് തുടങ്ങിയ ഭക്ഷണ സാധനങ്ങൾക്ക് പുറമെ വസ്ത്രങ്ങളും സംഭാവന നൽകുകയാണ് സംഘടനകൾ. അണിയറ ഗുരുവായൂർ സംഭാവന നൽകിയ ഷർട്ടുകൾ കെ. വി അബ്ദുൾ ഖാദർ എം എൽ എ അഗതികൾക്ക് വിതരണം ചെയ്തു.

ഗുരുവായൂരിലെ സമൂഹ അടുക്കളയിലേയ്ക്കും ക്യാമ്പിലേയ്ക്കും ആവശ്യമായ വസ്ത്രങ്ങൾ, പ്രാദേശിക പച്ചക്കറി ഉൽപന്നങ്ങൾ എന്നിവ കഴിഞ്ഞ ദിവസങ്ങളിലായി വിവിധ സംഘടനകൾ നഗരസഭയ്ക്ക് കൈമാറി. ചെന്താര സാംസ്കാരിക വേദി, എലൈറ്റ്, റെയിൽവേ ജീവനക്കാർ, വാർഡ് 23 സൗഹൃദ കൂട്ടായ്മ, ശാന്ത എഫ് സി തിരുവെങ്കിടം എന്നീ സംഘടനകളാണ് ഇവ സംഭാവന നൽകിയത്. കോവിഡിനെ ഒറ്റക്കെട്ടായി ചെറുക്കാമെന്ന ഉറപ്പിലാണ് ഗുരുവായൂർ നിവാസികൾ.

## റേഷൻ കാർഡ് ഇല്ലെങ്കിലും റേഷൻ ലഭിക്കും

ചാഴൂർ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് ഇല്ലെങ്കിലും റേഷൻ കൊടുക്കുന്നതിനുള്ള സൗകര്യം ഒരുക്കി. പഞ്ചായത്തിൽ റേഷൻ കാർഡില്ലാത്ത തങ്ങൾക്ക് അരി വേണം എന്ന് അറിയിച്ച് ഉപഭോക്താവിന് പഞ്ചായത്ത് റേഷൻ കടയിലേക്ക് ഒരു സത്യവാങ്മൂലം നൽകും. ഇത് റേഷൻ കടയിൽ നൽകിയാൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഭക്ഷ്യ വിഹിതം ലഭിക്കും. പെൻഷൻ ലഭിക്കാത്തവരുടെ പ്രശ്നങ്ങൾക്കും പഞ്ചായത്ത് പരിഹാരം കാണുന്നുണ്ട്.

## ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി

കോവിഡ് 19 വൈറസ് വ്യാപനത്തിന്റെ ഭാഗമായി സംസ്ഥാനം മുഴുവൻ അടിയന്തര ഘട്ടത്തിലായതിനാൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികളും ജീവനക്കാരും ചേർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് തുടക്കം കുറിച്ചു. ആദ്യഘട്ടമായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം പദ്മകുമാർ രണ്ടു മാസത്തെ ഹോണറേറിയം സംഭാവന ചെയ്യുമെന്നും അറിയിച്ചു.

# അതിഥി തൊഴിലാളികളുടെ ലോക്ക് ഡൗൺ 'ബോറടി' മാറ്റാൻ കയ്പമംഗലം ജനമൈത്രി പോലീസ്

സംസ്ഥാനത്ത് ലോക്ക് ഡൗൺ കർശനമായ പശ്ചാത്തലത്തിൽ അന്യസംസ്ഥാന തൊഴിലാളികളടക്കം ആളുകൾ എല്ലാവരും വീടുകളിൽ തന്നെയാണ്. ദിവസങ്ങളായുള്ള വീട്ടിലിരുപ്പ് പലർക്കും മടുപ്പായിട്ടുണ്ടാകും. ഇങ്ങനെ ബോറടിച്ചിരിക്കുന്നവർക്ക് മാനസിക ഉല്ലാസം പകരാൻ രംഗത്ത് വന്നിരിക്കുകയാണ് കയ്പമംഗലം ജനമൈത്രി പോലീസ്. പഞ്ചായത്തിലെ വിവിധ ഇടങ്ങളിൽ കഴിയുന്ന തൊഴിലാളികൾക്ക് വിനോദ കളികളിൽ ഏർപ്പെടാനുള്ള പദ്ധതിയുമായാണ് ഇവർ രംഗത്തെത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി കാളമുറി, മൂന്നുപീടിക എന്നിവിടങ്ങളിലെ നാല് ലേബർ ക്യാമ്പുകളിൽ കാരംബോർഡുകൾ വിതരണം ചെയ്തു. കൂടാതെ കോവിഡ് പ്രതിരോധ സന്ദേശവും  പുറത്തിറങ്ങരുതെന്ന ഉപദേശവും പോലീസ് പങ്കുവെച്ചു. ലേബർ ക്യാമ്പുകളിൽ ഇവർക്ക് ഭക്ഷണം പാചകം ചെയ്യാൻ ഡീസലിന്റെ ലഭ്യതക്കുറവ് പറഞ്ഞതിനെ തുടർന്ന്, ഡീസലും എത്തിച്ചു നൽകി. കൂടാതെ അവരുടെ ഭക്ഷണരീതിയ്ക്ക് അനുസരിച്ചുള്ള ഭക്ഷ്യവിഭവങ്ങളും എത്തിച്ചു. കയ്പമംഗലം ലാന്റ് 47 എന്ന ഗ്രൂപ്പിന്റെ സഹകരണത്തോടെയാണ് സാധനങ്ങൾ വിതരണം ചെയ്തത്. എസ് ഐ ജയേഷ് ബാലൻ, എ എസ് ഐ സുരേന്ദ്രൻ, ബീറ്റ് ഓഫീസർ ഗോപകുമാർ, സി പി ഒ ലാൽജി എന്നിവർ വിതരണത്തിന് നേതൃത്വം നൽകി.

***ഫോട്ടോ അടിക്കുറിപ്പ്: അതിഥി തൊഴിലാളികളുടെ ലോക്ക് ഡൗൺ 'ബോറടി' മാറ്റാൻ കാരംബോർഡുകൾ സമ്മാനിക്കുന്ന കയ്പമംഗലം ജനമൈത്രി പോലീസ്***

# കോവിഡ് 19: പെരുമ്പിലാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്ന് ഇനി മുതൽ ടവ്വലും ഹാൻഡ് വാഷും മാസ്കും

കൊറോണ വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി കടവല്ലൂർ പഞ്ചായത്തിലെ പെരുമ്പിലാവ് ആരോഗ്യകേന്ദ്രത്തിൽ വരുന്ന എല്ലാവർക്കും ഇനിമുതൽ സോപ്പും ടവ്വലും നൽകും. ഇതിനുപുറമേ ഹാൻഡ് വാഷ്, ഡെറ്റോൾ, ഫേസ് മാസ്ക് എന്നിവയും നൽകുന്നുണ്ട്. വിതരണത്തിനാവശ്യമായ സോപ്പുകൾ, ടവ്വലുകൾ, മാസ്ക്കുകൾ എന്നിവ കുടുംബശ്രീ യൂണിറ്റുകളും സന്നദ്ധ സംഘടനകളും ആരോഗ്യകേന്ദ്രത്തിൽ എത്തിച്ചു നൽകുന്നുണ്ട്. രോഗ പ്രതിരോധത്തിനായി കൈകൾ വൃത്തിയായി കഴുകുക, തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും വായും മൂക്കും ടവ്വൽകൊണ്ട് പൊത്തി പിടിക്കുക. ആരോഗ്യകേന്ദ്രത്തിൽ എത്തുന്നവർ കൃത്യമായ സാമൂഹിക അകലം പാലിക്കുക എന്നീ കാര്യങ്ങൾ പ്രധാനമായും ശ്രദ്ധിക്കണമെന്ന് ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ അറിയിച്ചു. കടവല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യുപി ശോഭന ഉദ്ഘാടനം നിർവഹിച്ചു. ആരോഗ്യ കേന്ദ്രത്തിലെ ഡോ. അഭിലാഷ്, എച്ച് ഐ ജിജ, ജെ എച്ച് ഐമാരായ ഉണ്ണികൃഷ്ണൻ, രഞ്ജിത്ത്, റോബിൻസൺ, എൽ എച്ച് ഐ ഇൻ ചാർജ് രാജി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# നാടൻ രുചി വൈവിധ്യങ്ങളോടെ കുന്നംകുളത്തെ സുഭിക്ഷ കമ്യൂണിറ്റി കിച്ചൻ

ജില്ലയിലെ സമൂഹ അടുക്കളയിൽ നാടൻ രുചി വൈവിധ്യങ്ങളോടെ ഭക്ഷണമൊരുക്കി കുന്നംകുളത്തെ സുഭിക്ഷ കമ്യൂണിറ്റി കിച്ചൻ. കൂടുതലും സൗജന്യ നിരക്കിൽ അർഹരായവർക്ക് ഭക്ഷണം നൽകുന്ന ഈ സമൂഹ അടുക്കളയിൽ നിന്ന് ഇന്നലെ വരെ 8600 പേർക്ക് ഭക്ഷണം നൽകി.

ജില്ലയിലെ ആദ്യത്തെ 20 രൂപ ഭക്ഷണശാലയായ ഈ കാന്റീനിൽ നിന്ന് ദിവസേന 400 പേർക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ട്. 200 പേർക്ക് പ്രഭാത ഭക്ഷണവും 250 പേർക്ക് രാത്രി ഭക്ഷണവും നൽകി വരുന്നു.

പച്ചക്കറി ക്ഷാമം നേരിടുന്ന സമയമായതിനാൽ കർഷകരിൽ നിന്നും വീടുകളിൽ നിന്നും ശേഖരിച്ച ചക്ക, മാങ്ങ, മുരിങ്ങയില, നാടൻ കായ, ഇരുമ്പൻ പുളി, അടുക്കളത്തോട്ട ചീര, പച്ചമുളക് എന്നിവ കൊണ്ടാണ് കറിക്കൂട്ടുകൾ ഒരുക്കുന്നത്. ഓരോ ദിവസവും വ്യത്യസ്ത നാടൻ

വിഭവങ്ങളാണ് ചോറിനൊപ്പം നൽകുന്നത്. സാമ്പാറിനൊപ്പം ചക്ക എരിശ്ശേരി, മുരിങ്ങയില തോരൻ, ഇരുമ്പൻ പുളി അച്ചാർ, ചീരക്കറി, കായ ഉപ്പേരി മുതലായവയാണ് നൽകുന്നത്.

രാവിലെ പ്രാതലിന് ഇഡലി, സാമ്പാർ എന്നിവയാണ് നൽകുന്നത്. വൈകീട്ട് ചോറും കറികളും നൽകും. ഐഫ്രം ടീം, കുടുംബശ്രീ എന്നിവരുടെ നേതൃത്വത്തിലാണ് ഭക്ഷണം പാകം ചെയ്യുന്നത്. വളണ്ടിയർമാർ വഴിയാണ് പൊതിച്ചോർ വിതരണം നടത്തുന്നത്.

ഹോം ക്വാറന്റൈനിൽ കഴിയുന്നവർക്കും ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ കഴിക്കാൻ വഴിയില്ലാത്തവർക്കും അതിഥി സംസ്ഥാനക്കാർക്കുമാണ് മൂന്നു നേരവും ഭക്ഷണമെത്തിക്കുന്നത്. രാത്രി കാലങ്ങളിൽ ഭക്ഷണം ലഭിക്കാതെ നഗരത്തിലെത്തുന്നവർക്കും മദർ കമ്യൂണിറ്റി കിച്ചനിലൂടെ ഭക്ഷണം നൽകും.

## കോവിഡ് 19 : പാവറട്ടി പഞ്ചായത്ത് അണുവിമുക്തമാക്കി ഫയർ ആന്റ് റെസ്ക്യു ടീം

പാവറട്ടിയിൽ കോവിഡ് 19 സ്ഥിരീകരിച്ച സാഹചര്യത്തിൽ വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ഗുരുവായൂർ ഫയർ ആൻഡ് റെസ്ക്യൂ ടീം അണുവിമുക്ത ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഗുരുവായൂർ ഫയർസ്റ്റേഷനിൽ നിന്നും വകുപ്പിന്റെ 4500 ലിറ്റർ എം.ടി.യു വാഹനത്തിൽ 1000 ലിറ്റർ വെള്ളത്തിൽ 500 മില്ലി ലിറ്റർ ഹൈപ്പോ ക്ലോറൈറ്റ് ലായിനി എന്ന അനുപാതത്തിൽ കലർത്തി തയ്യാറാക്കിയ മിശ്രിതം ഉപയോഗിച്ചാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്.

പാവറട്ടി ബസ് സ്റ്റാൻഡ് പരിസരത്ത് നിന്ന് ആരംഭിച്ച അണുവിമുക്ത ശുചീകരണ പ്രവർത്തനം പാവറട്ടി പഞ്ചായത്ത് ഓഫീസ് പരിസരം, പാവാട്ടി സെന്റർ, മാർക്കറ്റ് പരിസരം, ഷോപ്പിംഗ് കോംപ്ലക്സ്, എടിഎം സെന്റർ എന്നിവിടങ്ങളിലും പഞ്ചായത്തിലെ തീരമേഖല പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന മരുതയൂർ, വെന്മേനാട്, ചുക്കു ബസാർ, കൈതമുക്ക് തുടങ്ങിയ സെന്ററുകളിലും അണുവിമുക്ത ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. എസ്.ടി.ഒ. സുൽഫീസ് ഇബ്രാഹിമിന്റെ നേതൃത്വത്തിൽ എ.എസ്.ടി.ഒ. ഷാജി പി.കെ, ഫയർ ആന്റ് റെസ്ക്യു ഓഫീസർമാരായ എസ്. റെജി കുമാർ, എ. മൻസൂർ, എസ്. സനിൽകുമാർ, ബിജോയ് ഈനാശു എന്നിവരും സിവിൽ ഡിഫൻസ് പ്രവർത്തകരായ ഷാബിർ അലി, ബാലൻ, ആർ.എച്ച്. യൂസഫ്, രെഞ്ചിനി അനിലൻ എന്നിവരടങ്ങുന്ന ടീമാണ് പാവറട്ടിയിൽ അണുവിമുക്ത പ്രവർത്തനങ്ങൾ നടത്തിയത്. പ്രവർത്തനത്തിൽ എം.എൽ.എ മുരളി പെരുനെല്ലി, പഞ്ചായത്ത് പ്രസിഡന്റ് സി.പി. വത്സല, വാർഡ് മെമ്പർമാർ എന്നിവർ മേൽനോട്ടം വഹിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: പാവറട്ടി പഞ്ചായത്ത് അണുവിമുക്തമാക്കുന്ന ഫയർ ആന്റ് റെസ്ക്യു ജീവനക്കാർ***

## കുന്നംകുളം സബ് ട്രഷറി അണു വിമുക്തമാക്കി

പെൻഷൻ വിതരണം ആരംഭിക്കുന്നതിന്റെ ഭാഗമായി കുന്നംകുളം സബ് ട്രഷറി നഗരസഭ ആരോഗ്യ വിഭാഗം ക്ലോറിൻ ലായിനി തളിച്ച് അണുവിമുക്തമാക്കി. പെൻഷൻ വാങ്ങാനെത്തുന്നവർ വയോജനങ്ങളാണ് എന്നതു കൊണ്ടാണ് ശുചീകരിച്ചത്. പെൻഷൻ വാങ്ങാൻ വരുന്നവർക്ക് ഒരു മീറ്റർ അകലത്തിൽ നിൽക്കാനുള്ള സംവിധാനവും ട്രഷറിയിൽ ഒരുക്കിയിട്ടുണ്ട്.

## കാട്ടാനകളെ ഓടിക്കാൻ വനം വകുപ്പിന്റെ വണ്ടി

മറ്റത്തൂർ പഞ്ചായത്തിൽ വർദ്ധിച്ചു വരുന്ന കാട്ടാനകളുടെ ശല്യം പരിഹരിക്കുന്നതിനായി വനം വകുപ്പിന്റെ ഫോറസ്റ്റ് മിനി ഫയർ റെസ്പോണ്ടർ എത്തി. കാട്ടാനകൾ ഇറങ്ങുമ്പോൾ വിവിധ ടോണുകളിൽ സെറ്റ് ചെയ്ത അലാറം മുഴക്കാൻ മിനി ഫയർ റെസ്പോണ്ടറിനു കഴിയും. ഇങ്ങനെ നാട്ടിലിറങ്ങുന്ന കാട്ടാനകളെ ഉൾക്കാടുകളിലേക്ക് ഓടിക്കാൻ സാധിക്കുന്നു. കാടിന്റെ ഉൾഭാഗങ്ങളിലേക്ക് ഓടാൻ കഴിയുന്ന വണ്ടിയിൽ 60 മീറ്റർ നീളത്തിൽ പൈപ്പും 150 ലിറ്റർ വെള്ളവും ഉണ്ടാകും. വനത്തിന്റെ ഉൾഭാഗങ്ങളിൽ ഉള്ള വന പാലകർക്ക് വെള്ളം ഇത് വഴി

വിതരണം ചെയ്യാൻ കഴിയും. ഇത്തരത്തിലുള്ള രണ്ട് വണ്ടികളാണ് വനം വകുപ്പ് ഈ വർഷം വാങ്ങിയിട്ടുള്ളത്. ചാലക്കുടിക്ക് പുറമെ പാലക്കാട് ഡിവിഷനിലുമാണ് വണ്ടി സൗകര്യം ഉണ്ടാവുക. മറ്റത്തൂർ പഞ്ചായത്തിലെ നാല്, അഞ്ച്, ഏഴ്, എട്ട്, ഒൻപത് എന്നീ വാർഡുകളിലാണ് കാട്ടാന ശല്യം കൂടുതൽ. വനം വകുപ്പിന്റെ മിനി ഫയർ റെസ്പോണ്ടർ എത്തിയതോടെ കാട്ടാന ശല്യം കുറക്കാൻ കഴിഞ്ഞതായി മറ്റത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി സി സുബ്രൻ പറഞ്ഞു. കാട്ടാനയുടെ ആക്രമണത്തെ ഭയന്നു കഴിയുന്ന വാർഡുകളിലെ ജനങ്ങൾക്ക് ഇതൊരു സഹായമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കാട്ടാനകളുടെ ശല്യം പരിഹരിക്കുന്നതിനായി വനം വകുപ്പിന്റെ ഫോറസ്റ്റ് മിനി ഫയർ റെസ്പോണ്ടർ***

## വരവൂർ പഞ്ചായത്തിൽ കമ്യൂണിറ്റി കിച്ചൻ ആരംഭിച്ചു

കോവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി ലോക് ഡൗൺ പ്രഖ്യപിച്ച സാഹചര്യത്തിൽ ഭക്ഷണം ലഭിക്കാത്തവർക്കായി വരവൂർ പഞ്ചായത്തിൽ കമ്യൂണിറ്റി കിച്ചൻ ആരംഭിച്ചു. വരവൂർ പഞ്ചായത്തിലെ എൽ പി സ്കൂളിലാണ് കിച്ചൻ ആരംഭിച്ചിരിക്കുന്നത്. മാർച്ച് 29 ന് തുടങ്ങിയ കിച്ചണിൽ ദിവസവും 100 ഓളം പേർക്ക് ഭക്ഷണം നൽകുന്നുണ്ട്. ഇതിൽ പഞ്ചായത്തിലെ അതിഥി തൊഴിലാളികളും ഉൾപ്പെടും. തനിച്ചു താമസിക്കുന്നവരും വയോജനങ്ങൾക്കുമെല്ലാം ഇത് വളരെയധികം പ്രയോജനപ്രദമാണ്.

# തുടരും